# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1357 — 13.12.2012-ൽ മറുപടിയ്ക്ക്

## മോണോറെയിൽ കോർപ്പറേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എളമരം കരീം**<br>**,, എ.പ്രദീപ് കുമാർ**<br>**,, കെ.വി.വിജയദാസ്**<br>**,, സാജുപോൾ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മോണോ റെയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ ; | (എ) | രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ ഘടനയും ഉദ്ദേശ്യ ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാന സർക്കാരിന്റെ 51% ഓഹരിയും കേരള റോഡ് ഫണ്ട് ബോർഡിന്റെ 49% ഓഹരിയുമുള്ള കേരളാ മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനിയുടെ ഡയറക്ടർ ബോർഡിൽ മുഖ്യമന്ത്രി ചെയർമാനും, പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയി 11 അംഗങ്ങൾ ഉണ്ടായിരിക്കും. സംസ്ഥാനത്ത് മോണോ റെയിൽ പോലുള്ള മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (MRTS) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുക, അവയുടെ ഡിസൈനുകൾ തയ്യാറാക്കുക, നിർമ്മാണം ഏറ്റെടുക്കുക, മെയിന്റനൻസ് നടത്തുക എന്നിവ ലക്ഷ്യമാക്കിയാണ് ഈ കമ്പനി രൂപീകരിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് മോണോ റെയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത് ; അതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് കോഴിക്കോട്ടും തിരുവനന്തപുരത്തുമാണ് മോണോ റെയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട് മോണോ റെയിൽ സ്ഥാപിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. ഡി.എം.ആർ.സി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു കഴിഞ്ഞു. അതുപോലെ തിരുവനന്തപുരത്തും മോണോ റെയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഡി.എം.ആർ.സി യെ യാണ് ചുമതലപ്പെടുത്തിയത്. ഡി.എം.ആർ.സി ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുവാനും ഭരണാനുമതി നൽകുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ കോർപ്പറേഷൻ ഏത് വകുപ്പിന് കീഴിലാണ് രൂപീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) | കേരളാ മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് രൂപീകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**